**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കോട്ടയം ജില്ലയിൽ പൂഞ്ഞാർ പഞ്ചായത്തിൽ പാലിയേറ്റീവ് കമ്യൂണിറ്റി നഴ്സായി ജോലി ചെയ്തു കൊണ്ടിരിക്കെ മരണപ്പെട്ട ബിന്ദു സന്തോഷിന്റെ കുടുംബത്തിന് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 1974/2022/LSGD. തീയതി, തിരുവനന്തപുരം, 16/08/2022

---

പരാമർശം:- കേരള പാലിയേറ്റീവ് നഴ്സസ് ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി സമർപ്പിച്ചിരിക്കുന്ന 23.07.2022 ലെ അപേക്ഷ.

**ഉത്തരവ്**

കോട്ടയം ജില്ലയിൽ പൂഞ്ഞാർ പഞ്ചായത്തിൽ പാലിയേറ്റീവ് കമ്യൂണിറ്റി നഴ്സായി ജോലി ചെയ്തു കൊണ്ടിരിക്കെ മരണപ്പെട്ട ബിന്ദു സന്തോഷിന്റെ കുടുംബത്തിന്റെ സ്ഥിതി വളരെ ദയനീയാവസ്ഥയിലാണെന്നും 2 പെൺകുട്ടികളും, ഭർത്താവും അടങ്ങുന്ന കുടുംബത്തിന് തുച്ഛമായ വരുമാനം കൊണ്ട് കുട്ടികളുടെ പഠനചെലവും ദൈനംദിന ചെലവുകളും നടത്തി പോകാൻ നിവൃത്തിയില്ലെന്നും കൂടാതെ നിലവിൽ ഉണ്ടായിരുന്ന വീടും കാലവർഷക്കെടുതിയിൽ നഷ്ടമായതിനാലും ഈ കുടുംബത്തെ രക്ഷിക്കുന്നതിന് സർക്കാരിനാൽ കഴിയും വിധത്തിൽ ഉള്ള സഹായസഹകരണങ്ങൾ നൽകണമെന്ന് കേരള പാലിയേറ്റീവ് നഴ്സസ് ഫെഡറേഷൻ സംസ്ഥാന സെക്രട്ടറി അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോട്ടയം ജില്ലയിൽ പൂഞ്ഞാർ പഞ്ചായത്തിൽ പാലിയേറ്റീവ് കമ്യൂണിറ്റി നഴ്സായി ജോലി ചെയ്തു കൊണ്ടിരിക്കെ മരണപ്പെട്ട ബിന്ദു സന്തോഷിന്റെ രണ്ട് പെൺകുട്ടികളുടെ പേരിൽ ഡെപ്പോസിറ്റ് ചെയ്ത് നൽകുന്നതിലേക്കായി കോട്ടയം ജില്ലയിലെ പഞ്ചായത്തുകളിൽ നിന്ന് 10000/- രൂപ വീതവും നഗരസഭ / കോർപ്പറേഷൻ എന്നിവിടങ്ങളിൽ നിന്നും 20000/- രൂപ വീതവും അവരവരുടെ തനതു ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാനത്തിന് വിധേയമായി സംഭാവന നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

കോട്ടയം ഡിഡിപി ടി തുക സമാഹരിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
GANGA G R
അണ്ടർ സെക്രട്ടറി.

പ്രിൻസിപ്പൽ ഡയറക്ടർ,തദ്ദേശ സ്വയം ഭരണ വകുപ്പ്.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
ലോക്കൽ ഫണ്ട് ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ് : ബഹു. മുഖ്യമന്ത്രിയുടെ പി എസ്സിന്,
ബഹു.തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്സിന്.